# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന്  ലക്കം ഒൻപത്  ഫെബ്രുവരി 2013


# ജില്ലാ സഹകരണ ബാങ്കിൽ പുതിയ ഭരണ സമിതി ചുമതലയേറ്റു



*ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റായി പി സി രാമൻ ചുമതലയേൽക്കുന്നു.*

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ പുതിയ ഭരണ സമിതി നിലവിൽ വന്നു. കെ വെളുത്തമ്പുവിന്റെ അധ്യക്ഷതയിൽ ജില്ലാ ബാങ്കിൽ ചേർന്ന പുതിയ ഭരണസമിതിയുടെ യോഗം പി സി രാമനെ ഐകകണ്ഠേനെ പ്രസിഡന്റായി തെരഞ്ഞെടുത്തു. ബാലകൃഷ്ണ വോർക്കുഡ്‌ലുവാണ് പി സി രാമന്റെ പേര് നിർദ്ദേശിച്ചത്. തച്ചങ്ങാട് ബാലകൃഷ്ണൻ പിന്താങ്ങി. തുടർന്ന് ഭരണ സമിതിയിലെ മറ്റ് അംഗങ്ങളായ പി ഐതപ്പ, ഇ അബൂബക്കർ, എൻ കൃഷ്ണകുമാർ, വി കെ ബാലകൃഷ്ണൻ, ടി പത്മനാഭൻ, അഡ്വ. മാത്യു സെബാസ്റ്റ്യൻ, വി കൃഷ്ണൻ, അഡ്വ. കെ കരുണാകരൻ നമ്പ്യാർ, തങ്കമ്മ ജോർജ്ജ്, പി ശോഭന, പി ഗീത, പി മാധവൻ നായർ, ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ എന്നിവർ പുതിയ പ്രസിഡന്റിന് അഭിനന്ദനങ്ങൾ നേർന്നു.

പ്രമുഖ സഹകാരികളായ അഡ്വ. എം സി ജോസ്, പി ഗംഗാധരൻ നായർ, പി എ അഷ്‌റഫ് അലി, എ ഗോവിന്ദൻ നായർ, കെ കെ രാജേന്ദ്രൻ, കെ വി ഗംഗാധരൻ, അഡ്വ. ഗോവിന്ദൻ നായർ, എം സി പ്രഭാകരൻ, കെ എൻ വാസുദേവൻ നായർ, പി കുഞ്ഞിക്കണ്ണൻ, എം അസിനാർ, കെ വി സുധാകരൻ തുടങ്ങി രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ നിരവധി നേതാക്കളും ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽമാനേജർമാരായ എം കൃഷ്ണൻ, എൻ കുഞ്ഞികൃഷ്ണൻ, പി.എ .ടു പ്രസിഡന്റ് വി കൃഷ്ണൻ ഉൾപ്പടെയുള്ള ബാങ്ക് ജീവനക്കാരും സന്നിഹിതരായിരുന്നു.

കേരളത്തിലെ അറിയപ്പെടുന്ന സഹകാരിയും ജില്ലാ കോൺഗ്രസ് കമ്മറ്റി വൈസ് പ്രസിഡന്റുമായ പി സി രാമൻ 2003 മുതൽ 2008 വരെ അഞ്ചു വർഷക്കാലം കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നു. ചെറുവത്തൂർ തുരുത്തി സ്വദേശിയും 68 വയസ്സുകാരനുമായ ഇദ്ദേഹം 15 വർഷമായി ചെറുവത്തൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റായി പ്രവർത്തിച്ചുവരികയാണ്. സഹകരണ ജനാധിപത്യവേദിയുടെ ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

ഫെബ്രുവരി പത്തിന് നടന്ന തെരഞ്ഞെടുപ്പിലാണ് 16 അംഗ ഭരണ സമിതിയെ തെരഞ്ഞെടുത്തത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ വിഭാഗത്തിൽ കാസർകോട് താലൂക്കിൽ നിന്ന് പി ഐതപ്പ, ബാലകൃഷ്ണ വോർക്കുഡ്‌ലു എന്നിവരും ഹോസ്ദുർഗ് താലൂക്കിൽ നിന്ന് പി സി രാമൻ, കെ വെളുത്തമ്പു എന്നിവരും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഒഴികെയുള്ള സംഘങ്ങളുടെ വിഭാഗത്തിൽ കെ കരുണാകരൻ നമ്പ്യാർ, ബാലകൃഷ്ണൻ തച്ചങ്ങാട്, വി കൃഷ്ണൻ, അഡ്വ. മാത്യു സെബാസ്റ്റ്യൻ എന്നിവരും നിക്ഷേപകർക്കായി സംവരണം ചെയ്ത സീറ്റിൽ എൻ കൃഷ്ണകുമാർ, ഇ അബൂബക്കർ എന്നിവരും ബാങ്കിംഗ് മേഖലയിൽ പരിചയമുള്ളവരുടേയും മറ്റു പ്രൊഫഷണൽ യോഗ്യതയുള്ളവരുടേയും വിഭാഗത്തിൽ വി കെ ബാലകൃഷ്ണൻ, പി മാധവൻ നായർ എന്നിവരും വനിതകൾക്കായി സംവരണം ചെയ്ത സീറ്റിൽ പി ഗീത, പി ശോഭന, തങ്കമ്മ ജോർജ്ജ് എന്നിവരും എസ്.ടി/ എസ്.സി വിഭാഗത്തിൽ നിന്ന് ടി പത്മനാഭനും തെരഞ്ഞെടുക്കപ്പെടുകയായിരുന്നു.

## എഡിറ്റോറിയൽ

# പുതിയ ആകാശം സഹകരണമേഖലയുടെ വളർച്ചയ്ക്ക്

**കേ**രളത്തിലെ സഹകരണ മേഖലയിലെ നെടുംതൂൺ എന്ന് വിശേഷിപ്പിക്കാവുന്ന ജില്ലാ സഹകരണ ബാങ്കുകളിൽ ജനാധിപത്യ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ നിലവിൽവന്നിരിക്കുകയാണ്. ഭരണസമിതികൾ നിലവിൽ വന്നത് സഹകരണമേഖലയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടുമെന്നതിൽ ഒരു സംശയവുമില്ല.

മൂല്യചോർച്ച ഏതുമില്ലാതെ സാമ്പത്തിക പരിഷ്കാരത്തിന്റെ നല്ല വശങ്ങൾ സാധാരണക്കാർ ഉൾപ്പടെ എല്ലാ വിഭാഗമാളുകൾക്കും ലഭ്യമാക്കുക എന്നതടക്കം സുപ്രധാനമായ നിരവധി ചുമതലകളാണ് പുതിയ ഭരണസമിതികൾക്ക് മുമ്പിലുള്ളത്. നമ്മുടെ നാടിനുമേൽ ചാർത്തപ്പെട്ട ഉപഭോഗ സംസ്ഥാനം എന്ന പേരുദോഷം മാറ്റിയെടുക്കാൻ അയൽക്കൂട്ടങ്ങളെയും കുടുംബശ്രീകളേയും ഫാർമേഴ്സ് ക്ലബ്ബുകളേയും സക്രിയമാക്കി തനത് ഉൽപ്പാദന മേഖലകൾ തിരിച്ചുപിടിക്കേണ്ടതും അനിവാര്യമാണ്. ഇതിന്നായി കാർഷിക മേഖലകൾക്കും ഗ്രാമീണ ഉൽപ്പാദന മേഖലകൾക്കും ലഭിക്കേണ്ട കേന്ദ്ര സർക്കാരിന്റെയും നബാർഡ് ഉൾപ്പടെയുള്ള സാമ്പത്തിക സ്ഥാപനങ്ങളുടേയും ധനസഹായം യഥാസമയം ലഭ്യമാക്കുന്നതിനും അത് അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിക്കുന്നതിനും പുതിയ ഭരണ സമിതികൾക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

നമ്മുടെ നാട്ടിലെ സാധാരണ ജനവിഭാഗത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും അവരുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനും നിലകൊള്ളുന്ന ജില്ലാ സഹകരണ ബാങ്കുകളെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാനായി തെരഞ്ഞെടുക്കപ്പെട്ട 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ഭരണ സമിതികൾക്ക് ആശംസകൾ നേരുന്നു.


മാനേജിംഗ് എഡിറ്റർ
എ അനിൽ കുമാർ
ജനറൽ മാനേജർ

ചീഫ് എഡിറ്റർ
സി ബാലകൃഷ്ണൻ
ഡെപ്യൂട്ടി ജനറൽ മാനേജർ

എഡിറ്റർ
സി സഹദ്

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്


# പി വിജയകുമാറിനും വൈ ജനാർദ്ധനനും ഊഷ്മളമായ യാത്രയയപ്പ്



*സർവ്വീസിൽ നിന്നും വിരമിച്ച സീനിയർ മാനേജർ പി വിജയകുമാറും കെയർടേക്കർ വൈ ജനാർദ്ധനനും*

**കാസർകോട്:** സ്തുത്യർഹ സേവനത്തിന് ശേഷം ജനുവരി 31 ന് സർവ്വീസിൽ നിന്നും വിരമിച്ച കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിലെ സീനിയർ മാനേജർ പി വിജയകുമാറിനും കെയർടേക്കർ വൈ ജനാർദ്ധനനും യാത്രയയപ്പ് നൽകി.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടി എൻ എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിരമിക്കുന്നവർക്ക് അദ്ദേഹം ഉപഹാരം നൽകി. ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ, പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ, റീജ്യണൽ മാനേജർ എം പത്മാക്ഷൻ, മാനേജർ പി ദാമോദരൻ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് , കെ അനീഷ്, ബി.സി ലീന, ബി വിജയൻ എന്നിവർ പ്രസംഗിച്ചു. എം വി അനിത കവിത ചൊല്ലി. പി വിജയകുമാർ, വൈ ജനാർദ്ധനൻ എന്നിവർ മറുപടി പ്രസംഗം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ നന്ദിയും പറഞ്ഞു.



*ജില്ലാ സഹകരണ ബാങ്കിൽ നടന്ന യാത്രയയപ്പ് പരിപാടി എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

# സൂക്ഷ്മ കൃഷിയെ അടുത്തറിയാൻ വയനാടൻ ചുരംകയറി ഒരു പഠനയാത്ര

**മാനന്തവാടി**(വയനാട്): വളർച്ചയുടെ ആദ്യ ഘട്ടം വിജയകരമായി പൂർത്തിയാക്കിയ കക്കിരിച്ചെടികൾ, ഇടവിളയായ കോളി ഫ്ളവറും ചീരയും വിളവെടുക്കാൻ തുട ങ്ങിയിരിക്കുന്നു... നൂതന കൃഷി രീതിയായ സൂക്ഷ്മ കൃഷിയെ (പ്രിസിഷൻ ഫാമിങ്) നേരിൽകണ്ടറിയാൻ വയനാട്ടിലെത്തിയ കർഷകരെ വരവേറ്റത് കേട്ടറിഞ്ഞതെല്ലാം നൂറുവട്ടം സത്യമാണെന്ന് തെളിയിക്കുന്ന കാഴ്ച്ചകൾ. സൂക്ഷ്മ കൃഷിയിലൂടെ വിജ യം കൊയ്ത വയനാട് മാനന്തവാടിയിലെ യുവകർഷകരായ ഡിഗോൾ തോമ സിന്റെയും സിഗോൾ തോമസിന്റെയും കൃഷിയിടത്തിലേക്ക് കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ നബാർഡിന്റെ സഹായത്തോടെ സംഘടി പ്പിച്ച പഠനയാത്ര കർഷകർക്ക് പുത്തനു ണർവേകി.



*പോളി ഹൗസിനോട് ചേർന്ന് സജ്ജീകരിച്ചിരിക്കുന്ന ജലവിതരണ സംവിധാനത്തെക്കുറിച്ച് കർഷകർക്ക് മുമ്പാകെ സിഗോൾ വിശദീകരിക്കുന്നു*

പോളിഹൗസിനകത്ത് പ്രവേശി ക്കുന്നവർ ചെരുപ്പ് ധരിക്കാൻ പാടില്ലെന്ന നിർദ്ദേശം കേട്ടപ്പോൾ കർഷകർക്ക് ആദ്യം അതിശയമാണ് തോന്നിയത്. കൃഷിയിട ത്തിൽ പ്രവേശിക്കാൻ ചെരുപ്പഴിക്കേണ്ടതു ണ്ടോയെന്ന് പരസ്പരം മന്ത്രിച്ചവർക്ക് പോളിഹൗസിൽ പ്രവേശിച്ചതോടെ കാര്യം പിടികിട്ടി. സൂക്ഷ്മ കൃഷിയിൽ സൂക്ഷ്മ തയ്ക്കും ജാഗ്രതയ്ക്കും അത്രമാത്രം പ്രാധാന്യമുണ്ടെന്ന സത്യം.

പരിമിതമായ സ്ഥലത്തുനിന്ന് നിശ്ചിത ദിവസം കൊണ്ട് അത്യുൽപ്പാദനം സാധ്യമാകുന്നതും ഏത് പ്രതികൂലാവസ്ഥ യിലും കൃഷിചെയ്യാൻ കഴിയുന്നതും വിള കൾക്ക് 20ശതമാനം അധികം തൂക്കം ലഭി ക്കുന്നതുമായ കൃഷി രീതി... സൂക്ഷ്മ കൃഷിയെക്കുറിച്ചുള്ള വിശേഷണങ്ങളുടെ ഉത്തമോദാഹരണമായിരുന്നു ഡിഗോ ളിന്റെയും സിഗോളിന്റെയും ഉടമസ്ഥതയി ലുള്ള പോളിഹൗസ്. ഇസ്രായേൽ സാങ്കേ തിക വിദ്യ ഉപയോഗിച്ചുണ്ടാക്കിയ പോളിഹൗസും ജലവിതരണ സംവിധാ നവും കർഷകർക്ക് വേറിട്ട കാഴ്ച്ചയാണ് സമ്മാനിച്ചത്.

ഇന്നത്തെ കാലത്ത് സൂക്ഷ്മ കൃഷിയുടെ പ്രാധാന്യം, കൃഷിരീതികൾ, ചെടികൾക്ക് ശരിയായ അളവിൽ വെള്ളവും വളവും കൃത്യസമയത്ത് നൽകുന്ന വിധം, സാങ്കേതിക പ്രശ്ന ങ്ങൾ, ശ്രദ്ധിക്കേണ്ട പ്രധാന വസ്തുത കൾ, പോളി ഹൗസിന്റെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾ തന്റെ കൃഷിയിടി ത്തെ സാക്ഷിയാക്കി സിഗോൾ വിശദീക രിച്ചു. സൂക്ഷ്മ കൃഷിയിൽ രാസവളങ്ങ ളുടേയും കീടനാശിനികളുടേയും ഉപയോ ഗം കുറക്കാൻ കഴിയുമെന്നും കുറഞ്ഞ സ്ഥലത്ത് നിന്നും വെള്ളരി, കാപ്സിക്കം, പച്ചമുളക്, പയർ, പാവൽ, മല്ലിച്ചപ്പ്, ചീര തുടങ്ങിയവ കൂടുതലായി ഉൽപ്പാദിപ്പി ക്കാൻ കഴിയുമെന്നും കേരളത്തിൽ പൊതുവെ ഗ്രീൻ ഹൗസ് അഥവാ പോളി ഹൗസ് കൃഷി രീതിയാണ് കൂടുതലുള്ള തെന്നും സിഗോൾ വിശദീകരിച്ചു.

ജില്ലാ സഹകരണബാങ്കിന്റെയും പ്രാഥമിക സഹകരണ ബാങ്കുകളുടേയും കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബ്ബുകളിലെ തെരഞ്ഞെടുക്കപ്പെട്ട 33 കർഷ കരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജന റൽ മാനേജർ സി ബാലകൃഷ്ണൻ, അഗ്രി കൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പഠ നയാത്ര. വയനാട് യാത്രാ മദ്ധ്യേ കോഴി ക്കോട് പേരാമ്പ്രയിലുള്ള നാളികേര ഉൽപ്പന്ന നിർമ്മാണ കേന്ദ്രമായ സുഭിക്ഷയും കർഷകർ സന്ദർശിച്ചു.

## ആദരാഞ്ജലികൾ

**ഇബ്രാഹിം (46)**

പാർ ടൈം സ്വീപ്പർ - ജില്ലാ സഹകരണ ബാങ്ക് മുള്ളേരിയ ശാഖ

**മരണം : 2013 ഫെബ്രുവരി 13**

കുടുംബാംഗങ്ങൾ: ഭാര്യ റുഖിയ. മക്കൾ നൗഫൽ (ബിരുദ വിദ്യാർത്ഥി), റുബീന , സിദ്ധീഖ് (ബെള്ളൂർ സ്കൂൾ വിദ്യാർത്ഥികൾ).



*മറക്കാനാവാത്ത*
*ഓർമ്മകൾ ബാക്കിയാക്കി*
*അകാലത്തിൽ ഞങ്ങളെ വിട്ടുപിരിഞ്ഞ*
*പ്രിയ സഹപ്രവർത്തകൻ*
*ഇബ്രാഹിമിന് കണ്ണീരിലലിഞ്ഞ യാത്രാമൊഴി.*
*ഇബ്രാഹിമിന്റെ ആകസ്മിക നിര്യാണത്തിൽ*
*ദുഖ:ാർത്ഥരായ കുടുംബത്തോടൊപ്പം*
*ജില്ലാ ബാങ്ക് ഭരണ സമിതിയും*
*ജീവനക്കാരും പങ്കുചേരുന്നു.*

# കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി



കാസർകോട്
ജില്ലാ സഹകരണ ബാങ്ക്
പ്രസിഡന്റ് പി സി രാമൻ.

**ജില്ലാ
സഹകരണ ബാങ്ക്
ഭരണ സമിതി
അംഗങ്ങൾ >**



കെ വെളുത്തമ്പു



ബാലകൃഷ്ണ
വോർക്കുഡ്ലു



തച്ചങ്ങാട്
ബാലകൃഷ്ണൻ



ഇ അബൂബക്കർ



വി കൃഷ്ണൻ



അഡ്വ. കരുണാകരൻ
നമ്പ്യാർ



തങ്കമ്മ ജോർജ്ജ്



പി ശോഭന



പി ഗീത



അഡ്വ. മാത്യു
സെബാസ്റ്റ്യൻ



എൻ കൃഷ്ണ കുമാർ



പി ഐതപ്പ



ടി പത്മനാഭൻ



പി മാധവൻ നായർ



വി കെ ബാലകൃഷ്ണൻ

## മംഗള ഫാർമേഴ്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു

**ഇരിയണ്ണി:** കാസർകോട് ജില്ലാ സഹകരണ ബാങ്ക് ബോവിക്കാനം ശാഖയുടെ കീഴിൽ നബാർഡിന്റെ സഹായത്തോടെ രൂപീകരിച്ച മംഗള ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം കെ കുഞ്ഞിരാമൻ എം.എൽ.എ നിർവ്വഹിച്ചു. ഇരിയണ്ണി ജി.എൽ.പി സ്കൂളിൽ നടന്ന പരിപാടിയിൽ മുളിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി ഭവാനി അധ്യക്ഷതവഹിച്ചു.

കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി എം പ്രദീപ് മുഖ്യപ്രഭാഷണം നടത്തി. മുളിയാർ ഗ്രാമപഞ്ചായത്ത് മെമ്പർ ഇ മണികണ്ഠൻ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, റീജ്യണൽ മാനേജർ ടി എച്ച് ശോഭനൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ പ്രസംഗിച്ചു.

സംഘാടക സമിതി കൺവീനർ സി രാമകൃഷ്ണൻ സ്വാഗതവും ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ടി കെ ജയകൃഷ്ണൻ നന്ദിയും പറഞ്ഞു.



ബോവിക്കാനം ശാഖയുടെ കീഴിൽ രൂപീകരിച്ച മംഗള ഫാർമേഴ്സ് ക്ലബ്ബിന്റെ പ്രവർത്തനോദ്ഘാടനം കെ കുഞ്ഞിരാമൻ എം.എൽ.എ നിർവ്വഹിക്കുന്നു.

**Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)**
**Phone- 04994-220118, 230118.**